പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 267 — 19-06-2018-ൽ മറുപടിക്ക്

## പ്രത്യേക കാർഷിക മേഖലകൾ

**ചോദ്യം**

ശ്രീ എ.എം. ആരിഫ്

ശ്രീ. ഒ.ആർ. കേളു

ശ്രീ കെ. ആൻസലൻ

ശ്രീ. എം. മുകേഷ്

**ഉത്തരം**

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓരോ കാർഷിക ഇനത്തിനും ഏറ്റവും അനുയോജ്യമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അപ്രകാരമുള്ള വിളകളുടെ ഉല്പാദനം ഏറ്റവും ഫലപ്രദമായി നടത്തുന്നതിന് പ്രത്യേക കാർഷികമേഖല ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനും ഭക്ഷ്യ-പോഷക സുരക്ഷിതത്വത്തിനുമായി ട്രൈബൽ അഗ്രിക്കൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കി വരുന്നു. അതോടൊപ്പം കാന്തല്ലൂർ, വട്ടവട മേഖല ഉൾപ്പെടുന്ന ദേവികുളം കേന്ദ്രീകരിച്ച് ശീതകാല പച്ചക്കറികൾക്കുള്ള ഒരു കാർഷിക മേഖലയും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരമുള്ള പ്രത്യേക കാർഷിക മേഖല തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ; | (ബി) | അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1-5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉല്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടെയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേകകാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിയ്ക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉൽപാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലകളിൽ അതാതു വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉൽപാദനം കൈവരിക്കുവാനും വിളവെടുപ്പിനു ശേഷമുള്ള പരിചരണം, സംസ്ക്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

<table>
<tr><td></td><td></td><td></td><td>ഇതിനായി കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കികൊണ്ടി രിക്കുന്ന വിവിധ പദ്ധതികൾ ഈ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതാണ്. ഇവയ്ക്ക് പുറമെ ഈ പ്രദേശങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസ നത്തിനും അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതാ ണ്. അതുവഴി വിത്തുമുതൽ വിളവെടുപ്പ് വരെയും, വിളവെടുപ്പിന് ശേഷമുള്ള പരിചരണം, സംസ്കരണം, വിപണനം എന്നീ പ്രവർത്തനങ്ങൾക്കുമുള്ള എല്ലാ സജ്ജീകരണങ്ങളും ഇവിടെ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്.</td></tr>
<tr><td>(സി)</td><td>നിലവിൽ ഏതെല്ലാം പ്രദേശങ്ങ ളെയാണ് പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത് ;</td><td>(സി)</td><td>നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭി ച്ചിട്ടുള്ളത്. 5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ താഴെ പറയും പ്രകാരമാണ്.
<table>
<tr><td>നെല്ല് (7)</td><td>കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്.</td></tr>
<tr><td>പച്ചക്കറി (4)</td><td>ദേവികുളം,കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ</td></tr>
<tr><td>വാഴ (1)</td><td>തൃശ്ശൂർ</td></tr>
<tr><td>പൂക്കൾ (1)</td><td>വയനാട്</td></tr>
<tr><td>തെങ്ങ് (1)</td><td>കോഴിക്കോട്</td></tr>
</table>
കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസന ത്തിനായി ട്രൈബൽ അഗ്രിക്കൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കി വരുന്നു.</td></tr>
<tr><td>(ഡി)</td><td>ഓരോ മേഖലയിലും ഉല്പാദനം, വിപണനം, സംസ്ക്കരണം, മൂല്യ വർദ്ധനവ്, സംഭരണം, ജലസേ ചനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>ഉൽപാദന വർദ്ധനവിനായി ഏറ്റവും മികച്ച ഉൽപാദനോപാധികൾ ഉപയോഗിക്കുന്നതിനുള്ള സംവി ധാനം ഒരുക്കുന്നു. ഗുണമേന്മയുള്ള വിത്ത്/നടീൽ വസ്തുക്കൾ, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തി ലുള്ള ശാസ്ത്രീയ വളപ്രയോഗം, ജൈവ/ജീവാണു വള ങ്ങളുടെയും ജൈവിക നിയന്ത്രണോപാധികളുടെയും പ്രയോഗം ഉറപ്പുവരുത്തിയുള്ള മികച്ച കാർഷിക</td></tr>
</table>

| | | | |
|---|---|---|---|
| | | | മുറകൾ, പരിസ്ഥിതി സൗഹൃദമായ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷിക യന്ത്ര വൽക്കരണം എന്നിവ നടപ്പിലാക്കുന്നു. ഇതുവഴി ഉൽപാദന ചെലവ് കുറച്ച് പരമാവധി ഉൽപാദനം ഉറപ്പുവരുത്തുന്നു.<br>കാർഷിക ഉൽപന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി സംസ്ക്കരണം,മൂല്യവർദ്ധനവ് എന്നീ മേഖലകളെ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇതിനായി നിലവിലുള്ള പദ്ധതികളോടൊപ്പം പ്രത്യേക കാർഷികമേഖല ഫണ്ടും ഉപയോഗിക്കുന്നു.<br>കാർഷിക ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം കർഷകരുടെ പങ്കാളിത്തത്തോടെ സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കർഷകർ നേരിട്ട് നടത്തുന്ന വിപണികളും സർക്കാരിന്റെ മേൽനോട്ടത്തിലുള്ള വിപണന സംവിധാനങ്ങളും മുഖേന പരമാവധി വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. സ്വാശ്രയ കർഷക വിപണികൾ, കർഷക മിത്രങ്ങളുടെ സേവനം, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള കർഷക വിപണികൾ എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതികൾ (പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, നെൽകൃഷി വികസന പദ്ധതി), കേന്ദ്രാവിഷ്കൃത പദ്ധതികളായ RKVY, RIDF, PMKSY തുടങ്ങിയവയും, ജനകീയാസൂത്രണ പദ്ധതികളും പ്രയോജനപ്പെടുത്തുന്നു. ഇവയ്ക്ക് പുറമേയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് ഉപയോഗിക്കുന്നു. |

**സെക്ഷൻ ഓഫീസർ**